പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3896 — 18.10.2011 ൽ മറുപടിക്ക്

## ഇംഗ്ലീഷിന്റെയും മറ്റ് വിദേശ ഭാഷകളുടെയും പഠനവും ഗവേഷണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.അച്ചുതൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഇംഗ്ലീഷിന്റെയും മറ്റ് വിദേശ ഭാഷകളുടെയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>(ബി) ഇതിനായി ഒരു സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br><br>(സി) എങ്കിൽ സെന്റർ എവിടെയാണ് ആരംഭിക്കാനുദ്ദേശിക്കുന്നത് ;<br><br>(ഡി) ഇതിനുള്ള ചെലവ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എ) (ബി) (സി) & (ഡി) ഹൈദരാബാദിലെ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, കൊല്ലം ജില്ലയിൽ ഒരു കാമ്പസ് ആരംഭിക്കുന്നതിന് 83.77 ഏക്കർ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. ഇതിനായി റവന്യൂ അധികാരികൾ നിർദ്ദേശിച്ച ഭൂമിയിൽ ഇപ്പോൾ താമസിച്ചു വരുന്ന ഭൂരഹിതരായ ആദിവാസി കുടുംബങ്ങളെ വേറെ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് ചില ബുദ്ധിമുട്ടുകളുണ്ട്. പ്രസ്തുത സ്ഥലം ഓഫ് കാമ്പസ് സ്ഥാപിക്കുന്നതിനായി കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ച് പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പുമായി കൂടിയാലോചിച്ച്, ആ വകുപ്പിന്റെ അംഗീകാരത്തോടു കൂടി മാത്രമേ തുടർ നടപടികൾക്കുള്ള തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അനുയോജ്യമായ മറ്റ് സ്ഥലം കണ്ടെത്തുന്നതിന് റവന്യൂ വകുപ്പുമായി കൂടിയാലോചിക്കേണ്ടതുണ്ട് |

സെക്ഷൻ ഓഫീസർ